(ബി) ഇപ്പോഴത്തെ നിരന്തരമുണ്ടായിക്കൊണ്ടിരിക്കുന്ന നിരവധി തൊഴിൽത്തർക്കകേസുകൾ അസാധാരണമായ കാലവിളംബം കൂടാതെ തീരുമാനിക്കാൻ സംസ്ഥാനത്തു് ഒരു കോടതി മാത്രമുള്ളതു് തിരെ അപര്യാപ്തമെന്നു് പരാതിയില്ലേ;

(സി) കേരള ഡിസ്ട്രിക്റ്റിലുള്ള കേസുകൾ കോട്ടയത്തുവച്ചു് കോടതിക്കുടി വിസ്തരിക്കുവാൻ ചിലപ്പോഴെങ്കിലും ഇടവരുത്തുന്നതിനു ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ കൂടുന്നതിനു ആവശ്യമായ സ്ഥലസൗകര്യം കോട്ടയത്തു് ഏർപ്പാടുചെയ്യുവാൻ ഗവണ്മെൻറ് ഗൗനിക്കുമോ?

ഉത്തരം.

(എ) 158 കേസുകൾ നിലവിലുണ്ടു്.

(ബി) ഉണ്ടു്.

(സി) കോട്ടയത്തു് ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ കോടതി കൂടുന്നതിനുള്ള സ്ഥലസൗകര്യത്തെപ്പറ്റി ഗവണ്മെൻറ് അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണു്.

തിരുവാതിര കളി.

310. [46] ശ്രീ. എൻ. ജി. ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) തിരുവാതിര കളി ഇപ്പോൾ തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തു് ഏതു വിദ്യാലയങ്ങളിൽ നടപ്പാക്കിയിട്ടുണ്ടു്;

(ബി) ഏതെല്ലാം സ്കൂളുകളിലാണു് അതു് ഇപ്പോൾ നടപ്പിലാക്കിയിരിക്കുന്നതു്;

(സി) സംസ്ഥാനത്തെ മറ്റു വിദ്യാലയങ്ങളിലും തിരുവാതിര കളി ഏർപ്പെടുത്തുമോ?

ഉത്തരം.

(എ) മൂന്നുവിദ്യാലയങ്ങളിൽ.

(ബി) 1. കൂട്ടൺഹിൽ ഗേൾസ് ഹൈസ്കൂൾ, തിരുവനന്തപുരം.
2. ബാട്ടൺഹിൽ ഗേൾസ് ഹൈസ്കൂൾ, തിരുവനന്തപുരം.
3. കന്നിക തിരുനാൾ ഗേൾസ് ഹൈസ്കൂൾ, മണക്കാടു്, തിരുവനന്തപുരം.

(സി) ഈ കാര്യം ഗവണ്മെൻറിന്റെ ആലോചനയിൽ ഇരിക്കുന്നു.

Channel poramboke.

311 [51] SHRI R. PONNAPPA NADAR: Will the Minister for Revenue be pleased to state:

(*a*) whether any request was made from the Nagercoil Municipality for demarcating the poramboke limits in Channel poramboke by the side of S. Nos. 3017, 3018 etc., of Vadassery pakuthy in 4/1955 and in S. Nos. 1565, 1566 etc., of the same pakuthy during 7/1955 for opening of roads;

LIBRARY ARCHIVES Kerala Legislative Assembly